കഴിഞ്ഞു. അഴീക്കോട് ഗവൺമെന്റ് ആയുർവ്വേദാശുപത്രിയെ സംബന്ധിച്ചിടത്തോളം അതിന്റെ അറ്റകുറ്റപ്പണികളും തീർക്കാൻ വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിഞ്ഞ തവണ ശ്രദ്ധയിൽപ്പെടുത്തിയപ്പോഴേതന്നെ ആ നിർദ്ദേശം കൊടുത്തതാണ്. അതിന്റെ വർക്ക് നടക്കുന്നുണ്ട്. ശാന്തിപുരം ആയുർവ്വേദാശുപത്രിയിൽ കുടിവെള്ളം ഇല്ല എന്നുള്ള പരാതിയെത്തുടർന്ന് 32,500 രൂപയുടെ ഒരു എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്തിട്ടുണ്ട്. അതിന്റെ വർക്ക് ഉടനെ നടക്കുന്നതാണ്. ഏതായാലും മരുന്നിനെ സംബന്ധിച്ചിടത്തോളം രണ്ട് വർഷത്തേക്കുള്ള അലോട്ട്മെന്റ് അവിടെ കൊടുത്തുകഴിഞ്ഞു.

(9) പീച്ചി വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അനാഥാവസ്ഥ

ശ്രീ. രാഘവൻ പൊഴക്കടവിൽ: തൃശ്ശൂർ ജില്ലയിലെ പീച്ചി ടൂറിസ്റ്റ്. കേന്ദ്രത്തിന്റെ അനാഥാവസ്ഥയെക്കുറിച്ച് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. തൃശ്ശൂർ ജില്ലയിലെ ഏക ടൂറിസ്റ്റ് കേന്ദ്രമാണ് പീച്ചി. ഈ കേന്ദ്രം എന്റെ നിയോജകമണ്ഡലത്തിലാണ്. മദ്ധ്യകേരളത്തിന്റെ സൗന്ദര്യറാണി എന്നാണ് പീച്ചിയെ വിശേഷിപ്പിക്കാറുള്ളത്. കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സ്ഥാപനങ്ങളും അവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഈ കേന്ദ്രം ഒരു ഒന്നാംകിട ടൂറിസ്റ്റ് കേന്ദ്രമാക്കേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞിരിക്കുകയാണ്. ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നു വരുന്ന വിനോദസഞ്ചാരികൾക്ക് താമസിക്കാൻപോലും സ്ഥലമില്ല. അവിടേക്ക് ഓടിക്കൊണ്ടിരുന്ന ഒരു കെ.എസ്.ആർ.ടി.സി. ബസ്സ് പോലും ഇപ്പോൾ ഓടുന്നില്ല. ഇത്രയും പ്രധാനപ്പെട്ട പീച്ചി ടൂറിസ്റ്റ് കേന്ദ്രത്തോട് ഈ ഗവൺമെന്റ് ഒരു ചിറ്റമ്മനയമാണ് അനുവർത്തിച്ചു വരുന്നത്. തൃശ്ശൂരുള്ള മൃഗശാല പീച്ചിയിലേക്ക് മാറ്റാനും ആലോചിച്ചു വരുന്നു. അവിടെ ഒരു പക്ഷി സങ്കേതവും ആരംഭിക്കേണ്ടതുണ്ട്. നമ്മുടെ ബഡ്ജറ്റിൽ ടൂറിസ്റ്റ് കേന്ദ്രത്തിന്റെ കോംപ്ലക്സ് പണിയുന്നതിനുള്ള പദ്ധതി ഉണ്ടായിട്ടും അത് നടപ്പാക്കാതിരിക്കുകയാണ്. അത് പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി പീച്ചിയെ ഒന്ന് രക്ഷിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സ്റ്റേറ്റിലെ ഒരു സ്ഥലവും വിനോദസഞ്ചാരകേന്ദ്രമായി ഇതേവരെ പ്രഖ്യാപിച്ചിട്ടില്ല. ഏതായാലും വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള പല സംവിധാനങ്ങളും ഇപ്പോൾ പീച്ചിയിൽ നിലവിലുണ്ട്. വിനോദസഞ്ചാരികൾക്ക് താമസിക്കാനുള്ള സൗകര്യമുണ്ട്, ക്ഷേണത്തിനുള്ള സൗകര്യമുണ്ട്, നല്ലൊരു റസ്റ്റ്ഹൗസ് അവിടെയുണ്ട്. വിനോദസഞ്ചാരികൾക്ക് വേണ്ട സൗകര്യങ്ങൾ സാധാരണയായി ചെയ്തുവരുന്നുണ്ട്. ഇന്നിപ്പോൾ അവിടെ ടൂറിസ്റ്റുകളെ അട്രാക്ട് ചെയ്യാനാവശ്യമായ പല സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ട്. ബൊട്ടാണിക്കൽ ഗാർഡൻ, പാർക്ക് മുതലായവ ഉണ്ട്. ശനിയും ഞായറും ദിവസങ്ങളിൽ ഇലുമിനേഷൻ ഉണ്ട്. നീന്തൽക്കുളമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടിംഗ് സൗകര്യത്തിനുള്ള റിസർവ്വോയർ, കേരളാ ഇഞ്ചി നീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഫോറസ്റ്റ് മ്യൂസിയം, കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, ജലശുദ്ധീകരണപ്ലാന്റ്, പീച്ചിഹൗസ് എന്നിങ്ങനെ വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഉണ്ട്. അതിന്റെ കോംപ്ലക്സിനു വേണ്ടി ബഡ്ജറ്റിൽ പ്രൊവിഷനായി 100രൂപ നാമമാത്രമായി കൊള്ളിച്ചിട്ടുണ്ട്. ഈയിടെ ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ നിന്ന് കിട്ടിയിട്ടുള്ള ഡയറക്ഷൻസിൽ പറഞ്ഞിരിക്കുന്നത് എടുത്ത ജോലികൾ പൂർത്തിയാക്കുകയും അത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തുകയും ചെയ്യണമെന്നാണ്. പീച്ചിയെ സംബന്ധിച്ചിടത്തോളം ഈ സ്ഥലം ഇനി എക്സ്പാൻഡ് ചെയ്യാൻ സൗകര്യമില്ല. മറ്റൊരു സ്ഥലം കണ്ടുപിടിക്കാൻ അവിടത്തെ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. കളക്ടറുടെ റിപ്പോർട്ടിൽ ഗവൺമെന്റ് സ്ഥലമൊന്നും സൗകര്യമായിട്ടുണ്ട് എന്നറിയിച്ചിട്ടില്ല. എതായാലും ഈ കാര്യത്തെക്കുറിച്ച് അന്വേഷിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കാം. സാമ്പത്തികമായി ബുദ്ധിമുട്ട് ഉള്ളതുകൊണ്ട് വേഗത്തിൽ മുന്നോട്ട് പോകാൻ പ്രയാസമാണ് എന്നാണ് ഇതുവരേയുള്ള അനുഭവത്തിൽ നിന്ന് കാണാൻ കഴിഞ്ഞിട്ടുള്ളത്.

(10) ഏലംകൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എം. ജിനദേവൻ: സർ, എന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലതാലൂക്ക് ഏലം കൃഷിയുടെ നാടാണ്. ഏലം കൃഷിയുടെ വികസനത്തിനും ഏലം കൃഷിക്കാരുടെ രക്ഷയ്ക്കുംവേണ്ടി പ്രവർത്തിക്കേണ്ട ഏലം ബോർഡിന്റെ പല നടപടികളും കൃഷിക്കാർക്ക് സഹായകരമല്ല. ഏലത്തിന്റെ ഓക്ഷൻ കാര്യത്തിൽ ഈ അടുത്ത കാലത്ത് ഏലം ബോർഡ് സ്വീകരിച്ച നടപടി ഏലം കൃഷിക്കാർക്ക് കിട്ടേണ്ട വിലയിടിയ്ക്കാനും വൻകിടക്കാരായ കയറ്റുമതി വ്യാപാരികൾക്ക് ലാഭമുണ്ടാക്കാൻ കഴിയുന്ന തരത്തിലുള്ളതുമായിരുന്നു. ഇപ്പോൾ എതായാലും, ആ നില പിൻവലിച്ച് പഴയനില പുന:സ്ഥാപിച്ചിട്ടുണ്ട് എന്നാണറിയുന്നത്. പ്രധാനമായും ഒരു കയറ്റുമതി ഉല്പന്നമാണ് ഏലം എന്നു ഞാൻ പ്രത്യേകിച്ച് പറയേണ്ട ആവശ്യമില്ല. ഏലം ബോർഡിന്റെ കണക്കനുസരിച്ച് ഈ വർഷം നാലായിരം മെട്രിക് ടൺ ഏലം ഉല്പാദിപ്പിക്കുമെന്നാണ്. ഇതിൽ നമ്മുടെ ആഭ്യന്തരവിഭവം കഴിച്ചാൽ ഏതാണ്ട് 3,000 മെട്രിക് ടണ്ണോളം കയറ്റുമതി ചെയ്യേണ്ടിവരും. കയറ്റുമതി തീരുവ ഇനത്തിലും വിൽപ്പന നികുതി, കാർഷികാദായ നികുതി എന്നീ ഇനങ്ങളിലും ഗണ്യമായ വരുമാനമുണ്ടാക്കിത്തരുന്ന ഒരു വ്യവസായമാണ് ഇത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

ഇന്ന് ഏലം കർഷകർ നാനാതരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുകയാണ്. വില്പന നികുതി, കാർഷികാദായ നികുതി ഉദ്യോഗസ്ഥൻമാർ, പോലീസ്, ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ, റവന്യൂ ഉദ്യോഗസ്ഥൻമാർ എന്നുവേണ്ട, എല്ലാ ഡിപ്പാർട്ടുമെൻറിലുംപെട്ട

LIBRARY ARCHIVES Kerala Legislative Assembly